# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1828 — 17.03.2015 ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് നിയോജക മണ്ഡലം ഇലക്ഷൻ വിഭാഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.ഉമ്മൻചാണ്ടി, മുഖ്യമന്ത്രി |
| (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലം ഇലക്ഷൻ വിഭാഗം ഹൊസ്ദുർഗ്ഗിൽ നിന്നു വെള്ളരിക്കുന്ന് താലൂക്കിലേക്ക് മാറ്റിയത് സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടുണ്ടോ; | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൻെറ ഇലക്ഷൻ വിഭാഗം ഹൊസ്ദുർഗ്ഗ് താലൂക്കാഫീസിൽ നിന്നു വെള്ളരിക്കുണ്ട് താലൂക്കാഫീസിലേക്ക് മാറ്റിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട കാഞ്ഞങ്ങാട് എം.എൽ.എ ശ്രീ.ഇ.ചന്ദ്രശേഖരൻ ജില്ലാ കളക്ടർക്ക് ഒരു പരാതി നല്കിയിട്ടുണ്ട് |
| (ബി) | പ്രസ്തുത ഓഫീസ് മാറ്റുന്നതിനു മുമ്പായി ജനപ്രതിനിധികൾ അംഗീകൃത രാഷ്ട്രീയ പാർട്ടികൾ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായോ; | ഇല്ല |
| (സി) | ഓഫീസ് മാറ്റുന്നതിന് ആധാരമായ കാരണങ്ങൾ വിശദമാക്കാമോ; | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൻെറ പരിധിയിൽപ്പെടുന്ന പതിനെട്ടു വില്ലേജുകളിൽ പത്തെണ്ണവും, എട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അഞ്ചെണ്ണവും പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്കിൻെറ പരിധിയിലാണ്. വെള്ളരിക്കുണ്ട് താലൂക്കിൻെറ ആസ്ഥാനം സ്ഥിതിചെയ്യുന്നത് കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൻെറ പരിധിയിൽപ്പെട്ട ബളാൽ പഞ്ചായത്ത് പരിധിയിലാണ്. കൂടാതെ ഒരു നിയോജക മണ്ഡലത്തിന് പ്രത്യേകമായി ഒരു ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ ലഭിക്കുമ്പോൾ ഇലക്ഷൻ സംബന്ധമായ |

| | | |
|---|---|---|
| | | എല്ലാ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാവുകയും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വേഗത്തിൽ ലഭ്യമാവുകയും ചെയ്യും. മേൽ സാഹചര്യത്തിലാണ് കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിന്റെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറായി ഹോസ്ദുർഗ് തഹസിൽദാർക്ക് പകരം വെള്ളരിക്കുണ്ട് തഹസിൽദാരെ ഡെസിഗ്നേറ്റ് ചെയ്തത്. |
| (ഡി) | വെള്ളരിക്കുന്ന് താലൂക്ക് പരിധിയിൽ വരുന്നവർക്ക് വെള്ളരിക്കുന്നും ഹൊസ്ദുർഗ്ഗ് താലൂക്ക് പരിധിയിൽ വരുന്നവർക്ക് ഹോസ്ദുർഗ്ഗിലും ഇലക്ഷൻ വിഭാഗം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഒരു നിയോജക മണ്ഡലത്തിന് ഒരു ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ മാത്രമേ നിയമിക്കാൻ നിർവ്വാഹമുള്ളൂ. അതുകൊണ്ട് അതാത് താലൂക്ക് പരിധിയിൽ വരുന്നവർക്ക് മുഴുവനുമായി അതാത് താലൂക്കാഫീസുകളിൽ ഇലക്ഷൻ വിഭാഗം ക്രമീകരിക്കുന്നതിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ